# EMBASSY OF INDIA<br>KUWAIT

## <u>പൊതുമാപ്പ് 2011</u>

**അനധികൃത താമസക്കാർക്ക് കുവൈത്ത് ഭരണകൂടം 2011 മാർച്ച് 01 മുതൽ 2011 ജൂൺ 30 വരെ പൊതുമാപ്പ് പ്രഖ്യാപിച്ചിരിക്കുന്നു. പൊതുമാപ്പ് ഉപയോഗപ്പെടുത്താൻ ആഗ്രഹിക്കുന്ന ഇന്ത്യൻ പൗരന്മാർക്കുള്ള മാർഗനിർദേശങ്ങൾ ചുവടെ.**

| വിഭാഗം | ചെയ്യേണ്ടത് |
|---|---|
| ഇഖാമ കാലാവധി കഴിഞ്ഞവരോ, വിസിറ്റ് വിസയിൽ വന്ന് ഇഖാമ അടിച്ചിട്ടില്ലാത്തവരോ ആയ പാസ്പോർട്ട് കൈവശമുള്ളവർ. (ഒളിച്ചോട്ടം സംബന്ധിച്ച് സ്പോൺസർ കേസ് നൽകിയത് 2011 ഫെബ്രുവരി 24ന് മുമ്പ് ആണെങ്കിൽ) | നേരിട്ട് രാജ്യം വിടാം |
| പാസ്പോർട്ട് നഷ്ടപ്പെട്ടുപോയവർ അല്ലെങ്കിൽ പാസ്പോർട്ട് സ്പോൺസറോ മറ്റോ പിടിച്ചുവെച്ചിരിക്കുന്നവർ. | ഇന്ത്യൻ എംബസിയിൽ നിന്ന് എമർജൻസി സർട്ടിഫിക്കറ്റ് വാങ്ങിയ ശേഷം അതിൽ ബന്ധപ്പെട്ട എമിഗ്രേഷൻ ഓഫീസിൽ നിന്ന് എക്സിറ്റ് പർമിറ്റ് അടിക്കണം. തുടർന്ന് ഇതുമായി നാട്ടിലേക്ക് യാത്രതിരിക്കാം. |
| ജോലിക്ക് ഹാജരാകാത്തതിന്റെ പേരിൽ യാത്രാവിലക്ക് നേരിടുന്നവർ (ഒളിച്ചോട്ടം സംബന്ധിച്ച് സ്പോൺസർ പരാതി നൽകിയത് 2011 ഫെബ്രുവരി 24ന് ശേഷം ആണെങ്കിൽ) | കുവൈത്തിലെ എമിഗ്രേഷൻ ഇൻവെസ്റ്റിഗേഷൻ അതോറിറ്റിയെ സമീപിച്ച് കേസ് നീക്കിയ ശേഷമേ രാജ്യം വിടാൻ സാധിക്കുകയുള്ളൂ. |
| അന്വേഷണ ഏജൻസികൾ അല്ലെങ്കിൽ കോടതികൾ മുഖേനെ ഏർപ്പെടുത്തിയ യാത്രാവിലക്ക് നേരിടുന്നവർ. | എമിഗ്രേഷൻ ഇൻവെസ്റ്റിഗേഷൻ അതോറിറ്റിയെ അല്ലെങ്കിൽ ബന്ധപ്പെട്ട എമിഗ്രേഷൻ ഓഫീസിനെ സമീപിച്ച് എക്സിറ്റ് പർമിറ്റ് നേടണം. |
| സാമ്പത്തിക ബാധ്യതകളുടെ പേരിൽ യാത്രാവിലക്ക് നേരിടുന്നവർ: | നീതിന്യായ മന്ത്രാലയത്തിലെ എക്സിക്യൂഷൻ ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ട് കേസ് തീർപ്പാക്കിയ ശേഷം രാജ്യം വിടാം. |
| ക്രിമിനൽ കുറ്റങ്ങളുടെ പേരിൽ യാത്രാവിലക്ക് നേരിടുന്നവർ: | സാൽമിയ ജംഇയ്യക്ക് സമീപമുള്ള ഇൻവെസ്റ്റിഗേഷൻ ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് കേസ് നീക്കണം |
| ഇഖാമ ഇല്ലാത്ത കുട്ടികൾ: | ഇന്ത്യൻ എംബസിയിൽ നിന്ന് എമർജൻസി സർട്ടിഫിക്കറ്റ് വാങ്ങിയ ശേഷം അതിൽ ബന്ധപ്പെട്ട എമിഗ്രേഷൻ ഓഫീസിൽ നിന്ന് എക്സിറ്റ് പർമിറ്റ് അടിക്കണം. ഇതുമായി നാട്ടിലേക്ക് യാത്രതിരിക്കാം. |
| ശമ്പള കുടിശ്ശിക, സർവീസ് ആനുകൂല്യങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട് കമ്പനികളുമായി കേസ് നടത്തുന്നവർ: | സുഹൃത്തിന് അല്ലെങ്കിൽ ബന്ധുവിന് പവർ ഓഫ് അറ്റോർണി നൽകി രാജ്യം വിടാം. |
| ആവശ്യമായ പിഴ അടച്ച് ഇഖാമ പുതുക്കാൻ ആഗ്രഹിക്കുന്നവർ: | ആവശ്യമായ മറ്റ് നിബന്ധനകൾ പൂർത്തീകരിക്കുകയും പിഴ സംഖ്യ അടക്കുകയും ചെയ്താൽ ഇഖാമ പുതുക്കി നൽകും. ഇഖാമ പുതുക്കാതെ നിന്ന കാലത്തെക്കുറിച്ചുള്ള ചോദ്യങ്ങളോ അന്വേഷണമോ നേരിടേണ്ടി വരില്ല. |
| പൊതുമാപ്പ് കാലയളവിൽ പിടിക്കപ്പെടുന്ന ഇഖാമ ലംഘകർ: | നിയമപ്രകാരം വിരലടയാളം എടുത്ത് കരിമ്പട്ടികയിൽ ഉൾപ്പെടുത്തി നാടുകടത്തും. |

**പൊതുമാപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾക്ക് ഇന്ത്യൻ എംബസിയിൽ വിളിക്കാവുന്ന ഫോൺ നമ്പർ: 2530600 Extn: 200/292 (സമയം: രാവിലെ 8.30 മുതൽ വൈകു.5.00 വരെ)**

- പൊതുമാപ്പ് കാലയളവിൽ രാജ്യം വിടുന്ന അനധികൃത താമസക്കാരെ അമീരി ഉത്തരവ് 17/1959 പ്രകാരം പിഴ, നിയമനടപടി എന്നിവയിൽനിന്ന് ഒഴിവാക്കും.

- പൊതുമാപ്പ് ഉപയോഗപ്പെടുത്തി രാജ്യംവിടുന്നവർക്ക് മറ്റ് കാരണങ്ങളാൽ വിലക്ക് ഒന്നുമില്ലെങ്കിൽ കുവൈത്തിലേക്ക് തിരിച്ചുവരാവുന്നതാണ്.

- പൊതുമാപ്പ് ഉപയോഗപ്പെടുത്താത്ത അനധികൃത താമസക്കാർ രാജ്യത്ത് നിലവിലുള്ള നിയമം അനുസരിച്ചുള്ള ശിക്ഷക്ക് അർഹരാണ്. പൊതുമാപ്പിന് ശേഷം ഇവർക്ക് ഇഖാമ പുതുക്കി നൽകില്ല. ഇവരെ പിടികൂടി നാടുകടത്തും. പിന്നീട് കുവൈത്തിലേക്ക് തിരിച്ചുവരുന്നതിന് വിലക്ക് ഏർപ്പെടുത്തുകയും ചെയ്യും.

- നിയമപരമായ അല്ലെങ്കിൽ ദരണപരമായ കാരണങ്ങൾ യാത്രാവിലക്ക് നേരിടുന്ന അനധികൃത താമസക്കാർ താൽകാലിക ഇഖാമ ലഭിക്കുന്നതിനായി ബന്ധപ്പെട്ട എമിഗ്രേഷൻ വകുപ്പിനെ സമീപിക്കണം

# എമർജൻസി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നടപടിക്രമം

പാസ്പോർട്ട് കൈവശമില്ലാത്തവർക്ക് ഇന്ത്യൻ എംബസിയിൽ നിന്ന് എമർജൻസി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നടപടിക്രമം ഇപ്രകാരമാണ്. ബന്ധപ്പെട്ട വ്യക്തി എംബസിയിൽ നേരിട്ട് ഹാജരാകണം. എംബസി വെബ് സൈറ്റിൽ ലഭ്യമായ അപേക്ഷാഫോറം പൂരിപ്പിച്ച് സമർപ്പിക്കണം. അപേക്ഷക്കൊപ്പം മൂന്ന് ഫോട്ടോ സമർപ്പിക്കണം.
പാസ്പോർട്ട് കോപ്പി, വിസയുടെ കോപ്പി, നാട്ടിലെ റേഷൻ കാർഡ്, ഡ്രൈവിംഗ് ലൈസൻസ്, വോട്ടർ ഐ.ഡി കാർഡ് എന്നിവയിൽ കൈവശമുള്ളത് കൂടെ വെക്കണം. എമർജൻസി സർട്ടിഫിക്കറ്റിനുള്ള ഫീസ് ആയി 1.550 ദീനാർ അടക്കണം. തീർത്തും അർഹരായവർക്ക് ഫീസ് ഇളവ് ലഭിക്കും.

**<u>കുവൈത്ത് എമിഗ്രേഷൻ</u>**

**<u>ഓഫീസുകളുടെ ഫോൺ നമ്പറുകൾ:</u>**

**ഫർവാനിയ: 24341770**<br>
**ശുവൈഖ്: 24839380/24839607/24831118**<br>
**ഹവല്ലി: 25743611/25712635**<br>
**ജഹ്റ: 24555600**<br>
**അഹ്മദി: 23986761**<br>
**മുബാറക് അൽ കബീർ: 25415071**